(സി) മേൽ ഉത്തരം 'ബി'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ അന്വേഷണം നിർത്തിവച്ചിട്ടുള്ളതാകുന്നു.

(ഇ) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മേൽ ഉത്തരം 'ഡി' യുടെയും 'ഇ' യുടെയും അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് ഡ്രൈവർമാർക്ക് ഹയർഗ്രേഡ്

44 [2474] *ശ്രീ. കെ. സുധാകരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡ്രൈവർമാർക്ക് 15 വർഷം സർവ്വീസ് പൂർത്തിയാകുന്ന മുറയ്ക്ക് ഹയർഗ്രേഡ് നൽകിവരുന്നത് നിർത്തലാക്കിയത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിർത്തലാക്കാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(ഡി) ഇതുസംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) 7, 17, 25 എന്നീ വർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാന പോലീസിലെ ഡ്രൈവർമാർക്ക് ഹയർ ഗ്രേഡ് നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ 19-4-2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 238/02/122/ ഫിൻ. പ്രകാരം 10, 18, 23 വർഷം എന്നാക്കിമാറ്റിയിട്ടുണ്ട്. ഇത് നിലവിലുള്ള ഗ്രേഡ് അനുവദിക്കാനുള്ള പൊതുതത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ചെയ്തത്.

(സി) & (ഡി) പരിശോധിച്ചുവരുന്നു.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അടിവാരം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

45 [2475]*ശ്രീ. സി. മോയിൻകുട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അടിവാരം ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly